# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 13** **08/05/2021**

## കർത്താവും ജീവദാതാവുമായ റൂഹാദ്ക്കുദ്ശാ

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

വീണ്ടും ഒരു പന്തക്കുസ്താ തിരുനാൾ കൂടി ആഗതമാകുകയാണല്ലോ. മിശിഹായുടെ ഉത്ഥാനത്തിന്റെ ഏഴ് ആഴ്ചകൾ പൂർത്തിയായപ്പോഴാണ് പന്തക്കുസ്ത സംഭവിക്കുന്നത്. ഏഴ് ആഴ്ചകൾ മിശിഹായുടെ ഉത്ഥാനത്തിന്റെ പൂർണ്ണതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മിശിഹായുടെ പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും പൂർണ്ണതയിലാണ് സഹായകനായ പരിശുദ്ധാത്മാവ് പ്രകടമായും ദൃശ്യമായും ഔദ്യോഗികമായി തിരുസഭയിൽ ആഗതനാകുന്നത്. പന്തക്കുസ്തായോടെയാണ് ഈശോയുടെ പെസഹാ പൂർത്തിയാകുന്നത് (ccc 731). "തന്റെ പൂർണ്ണതയിൽ നിന്നും മിശിഹാ ആത്മാവിനെ സമൃദ്ധമായി ചൊരിയുകയാണ്" പന്തക്കുസ്തായിൽ (CCC 731).

പന്തക്കുസ്താ ദിനത്തിന്റെ രണ്ടാമത്തെ പ്രത്യേകത, അന്നാണ് പരിശുദ്ധ ത്രിത്വം പൂർണ്ണമായി വെളിപ്പെടുന്നത് എന്നാണ്. പഴയനിയമത്തിൽ നിഴൽ പോലെ വെളിപ്പെടുന്നുണ്ടായിരുന്നു ത്രിത്വരഹസ്യം. സൃഷ്ടി വിവരണത്തിൽ ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനു മീതേ ചലിച്ചുകൊണ്ടിരുന്നു (ഉൽ 1:2) എന്ന പരാമർശം മാമോദീസാ ജലത്തിൽ പറന്നിറങ്ങി, നവ സൃഷ്ടികളായി നമ്മെ മാറ്റുന്ന ദൈവികജീവന്റെ ദാതാവായ പരിശുദ്ധാത്മാവിനെ നിഴൽ പോലെ അവതരിപ്പിക്കുന്നു. "അങ്ങ് ജീവശ്വാസമയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു, അങ്ങ് ഭൂമുഖം നവീകരിക്കുന്നു" എന്ന് സങ്കീർത്തകൻ (സങ്കീ 104:30) ആലപിക്കുന്നത് മിശിഹായെ തുടർന്ന് ഭൂമുഖം നവീകരിക്കാനിരുന്ന ദൈവാരൂപിയെക്കുറിച്ചാണ്. ഏശയ്യായുടെ പുസ്തകത്തിൽ (ഏശ 11:1-5) ജെസ്സെയുടെ കുറ്റിയിൽ നിന്നും ഒരു മുള കിളിർത്തു വരും, കർത്താവിന്റെ ആത്മാവ് അവന്റെ മേൽ ആവസിക്കും എന്നു തുടങ്ങുന്ന പ്രവചനം യഥാർത്ഥത്തിൽ മിശിഹായുടെ രക്ഷാകരപ്രവർത്തിയിലേക്ക് വിരൽ ചൂണ്ടുന്ന ത്രിത്വത്തിന്റെ നിഴൽ സാന്നിദ്ധ്യമാണ്. ഈശോ തന്റെ പരസ്യജീവിതമാരംഭിച്ചപ്പോൾ ഈ പരിശുദ്ധാത്മ പ്രവചനം പൂർത്തിയാക്കിക്കൊണ്ട് ഇങ്ങനെ പ്രഖ്യാപിച്ചു: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്!" (ലൂക്കാ 4:18).

പഴയനിയമത്തിൽ നിഴൽപോലെ പ്രത്യക്ഷപ്പെട്ട ത്രിത്വരഹസ്യവും പരിശുദ്ധാത്മ സാന്നിദ്ധ്യവും അതിന്റെ പൂർണ്ണതയിൽ ലോകത്തിനു ദൃശ്യമാകുന്നതും സംലഭ്യമാകു

ന്നതും പന്തക്കുസ്താ തിരുനാളിലാണ്. ദൈവാരൂപിയുടെ ദൈവത്വവും മഹത്വവും ശക്തിയുമെല്ലാം മനുഷ്യൻ അനുഭവിച്ചറിയുന്നത് പന്തക്കുസ്തായിലാണ്. മിശിഹായിലെന്നതുപോലെ അവിടുത്തെ ഉത്ഥാനശേഷം അവിടുത്തെ പൗരോഹിത്യത്തിന്റെ പിന്തുടർച്ചക്കാരും ദൈവികരഹസ്യങ്ങളുടെ കാര്യസ്ഥൻമാരുമായ ശ്ലീഹന്മാരുടെ മേലും തിരുസഭയുടെ മേലും റൂഹാ ശക്തിയോടെ പ്രവർത്തനമാരംഭിച്ചു.

പന്തക്കുസ്താ അതുകൊണ്ടുതന്നെ തിരുസഭയുടെ പ്രവർത്തനോദ്ഘാടന ദിവസം പോലെയാണ്. ഈ പ്രവർത്തനം യുഗാന്ത്യോൻമുഖമാണ്. അതായത്, സ്വർഗ്ഗരാജ്യത്തിൽ തിരുസഭാഗാത്രമൊന്നാകെ വിരുന്നിനിരിക്കുന്നതുവരെ നമ്മെ നയിക്കാനും പഠിപ്പിക്കാനും വിശുദ്ധികരിക്കാനും ദൈവാരൂപി സന്നിഹിതമായിരിക്കുന്നു. അതിനാൽ റൂഹാദ്ക്കുദ്ശാ തന്റെ അവിരാമമായ ആഗമനത്താൽ 'അന്ത്യനാളുകളിലേക്ക്' ലോകത്തെ പ്രവേശിപ്പിച്ചിരിക്കുന്നുവെന്ന് തിരസ്സഭ പഠിപ്പിക്കുന്നു (CCC 732).

യുഗാന്ത്യം വരെ തിരുസഭയെ പഠിപ്പിക്കുകയും  വിശുദ്ധീകരിക്കുകയും നയിക്കുകയും ചെയ്യുന്ന റൂഹാദ്ക്കുദ്ശാ യഥാർത്ഥത്തിൽ പന്തക്കുസ്തായ്ക്ക് മുമ്പുതന്നെ തന്റെ പൗരോഹിത്യദൗത്യം ശ്ലീഹൻമാരിൽ സമാരംഭിച്ചിരുന്നു. നമ്മുടെ കർത്താവായ മിശിഹാ തന്നെയാണ് തന്റെ പൗരോഹിത്യദൗത്യത്തിന്റെ തുടർച്ചയ്ക്കായി തന്നിൽ പ്രവർത്തിച്ച റൂഹായെ തനിക്കു പിതാവ് നൽകിയ പന്ത്രണ്ടു പേർക്കു (യോഹ 17:6) കൈമാറുന്നത്. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ പന്തക്കുസ്തയ്ക്കു മുന്നേ തന്നെ തന്റെ ശ്ലീഹന്മാർക്ക് റൂഹായെ പകർന്ന് പൗരോഹിത്യ ശുശ്രൂഷക്കായി അവരെ ഒരുക്കുന്നതായി കാണാം. "ഇതു പറഞ്ഞിട്ട് അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അരുൾചെയ്തു: നിങ്ങൾ റൂഹാദ്ക്കുദ്ശായെ സ്വീകരിക്കുവിൻ" (യോഹ 20:22) തുടർന്ന് അവർക്ക് പാപമോചനാധികാരം നൽകികൊണ്ട് തന്റെ സ്ഥാനപതികളായിരിക്കാൻ അവിടുന്ന് അവരെ നിയോഗിച്ചു.

പന്തക്കുസ്തായിൽ സഭയ്ക്കു മുഴുവനും, അതിനു മുന്നോടിയായി ശ്ലീഹൻമാർക്ക് പ്രത്യേകാഭിഷേകമായും നൽകപ്പെട്ട റൂഹാദ്ക്കുദ്ശാ യഥാർത്ഥത്തിൽ തിരുസഭയ്ക്കു നൽകപ്പെട്ട "സഭയുടെ ആത്മാവാണ്". നമ്മുടെ അവയവങ്ങൾക്ക് "നമ്മുടെ ആത്മാവ് എന്തായിരിക്കുന്നുവോ, അതുതന്നെയാണ് മിശിഹായുടെ അവയവങ്ങൾക്ക്, അതായത് സഭയാകുന്ന മിശിഹായുടെ ശരീരത്തിന് റൂഹാദ്ക്കുദ്ശാ" (CCC 797) എന്ന് വിശുദ്ധ അഗസ്തീനോസിനെ ഉദ്ധരിച്ച് തിരുസഭ പഠിപ്പിക്കുന്നു. തിരുസഭയെ പടുത്തുയർത്തുന്നതിനാണ്, അതിനു മാത്രമാണ് റൂഹാദ്ക്കുദ്ശാ നൽകപ്പെട്ടിരിക്കുന്നത്. റൂഹായുടെ വരദാനഫലങ്ങളുടെയും ഉദ്ദേശ്യം അതുതന്നെയാണെന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നുണ്ട് (1 കൊറി 12,13,14). ദൈവത്തിന്റെ വചനം കൊണ്ടും, കൂദാശകൾ കൊണ്ടും, ശ്ലീഹൻമാരുടെ കൃപാവരം കൊണ്ടും, സുകൃതങ്ങൾ കൊണ്ടും, പ്രത്യേക വരങ്ങൾ കൊണ്ടുമാണ്  റൂഹാദ്ക്കുദ്ശാ തിരുസഭയെ പടുതുയർത്തൽ എന്ന തന്റെ ദൗത്യം നിർവഹിക്കുന്നത് (CCC 798).

പരിശുദ്ധ സഭയിൽ അപ്പസ്തോലിക ശുശ്രൂഷ നിർവ്വഹിക്കുന്ന മെത്രാൻമാരിലൂടെയും അവർ പൗരോഹിത്യം നൽകുകയും നിയമിക്കുകയും ചെയ്യുന്ന വൈദികരിലൂടെയുമാണ് റൂഹാ തിരുസഭയിൽ നൽകപ്പെടുന്നത്. കൈവയ്പ്പുവഴിയും തൈലാഭിഷേകം വഴിയുമാണ് ഒരു വ്യക്തിക്ക് സാഘോഷം റൂഹായെ അവകാശമായി നൽകുന്നത്. സ്ഥൈര്യലേപനമെന്ന് ലത്തിൻ ക്രമത്തിൽ വിളിക്കുന്ന തൈലാഭിഷേകമാണ്

യഥാർത്ഥത്തിൽ നമ്മുടെയോരോരുത്തരുടെയും പന്തക്കുസ്താ തിരുനാൾ. അഗ്നിനാവുകൾപോലെ പറന്നിറങ്ങിയ അതേ റൂഹാ നമ്മിലും ഒരുനാൾ വന്നു നിറഞ്ഞിട്ടുള്ളതാണ്. ഈ റൂഹായുടെ ശക്തിയും ദൈവസ്നേഹ തീക്ഷണതയും മിഷൻ ചൈതന്യവും നമ്മിൽ നിരന്തരം ജ്വലിക്കട്ടെ! ലോകമെങ്ങും മിശിഹായ്ക്ക് സാക്ഷികളാകാനാണ് സീറോ മലബാർ സഭാംഗങ്ങളായ നമ്മെ തോമ്മാശ്ലീഹായുടെ ചൈതന്യത്താൽ നിറച്ച് റൂഹാദ്ക്കുദ്ശാ ഈ പ്രവാസനാട്ടിലും നമ്മെ കൊണ്ടുവന്നിരിക്കുന്നതെന്ന് മറന്നു പോകരുതെന്ന് നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

2021 മെയ് മാസം 23-ാം തീയതി തിരുസഭ ആഘോഷിക്കുന്ന പന്തക്കുസ്താ തിരുനാളിന് ഒരുക്കമായി നമ്മുടെ രൂപതയുടെ നവസുവിശേഷവത്കരണ കമ്മീഷന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും വൈകുന്നേരം 7:30 മുതൽ 9 വരെ പ്രാർത്ഥനാ ശുശ്രൂഷ നടന്നുവരുന്നു. ഈ വർഷം മെയ് 13-ാം തീയതി വ്യാഴാഴ്ചയാണ് നമ്മുടെ കർത്താവീശോമിശിഹായുടെ സ്വർഗ്ഗാരോഹണ തിരുനാൾ. അന്നു മുതൽ മെയ് മാസം 22-ാം തീയതി വരെ എല്ലാ ദിവസവും വൈകുന്നേരം 7 മണി മുതൽ 9 മണി വരെ പന്തക്കുസ്താത്തിരുനാളിന് ഒരുക്കമായി അനുഗ്രഹീത വചനപ്രഘോഷകർ ധ്യാനശുശ്രൂഷ നയിക്കുന്നതാണ്. പന്തക്കുസ്താ തിരുനാൾ ദിവസം വൈകുന്നേരം 6 മണിക്ക് രൂപതയേയും രൂപതയിലെ എല്ലാ വൈദികരേയും, സമർപ്പിതരേയും, വിശ്വാസികളേയും സമർപ്പിച്ചുകൊണ്ട് രൂപതാദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ പരിശുദ്ധ കുർബാന അർപ്പിക്കുന്നതും വചനസന്ദേശം നൽകുന്നതുമാണ്. തുടർന്ന് 9 മണി വരെ റൂഹാദ്ക്കുദ്ശായുടെ വരദാനഫലങ്ങളുടെ നിറവിനായി ഈശോയുടെ അമ്മയായ കന്യകാമറിയത്തിന് നാമെല്ലാവരെയും സമർപ്പിച്ചുകൊണ്ട് ദിവ്യകാരുണ്യ ആരാധനയും ശുശ്രൂഷയും നടത്തപ്പെടുന്നതുമാണ്. പന്തക്കുസ്തായ്ക്ക് ഒരുക്കമായുള്ള ഈ പ്രാർത്ഥനകളിലും വചനശുശ്രൂഷകളിലും, ആരാധനയിലും, പരിശുദ്ധ കുർബാനയിലും പങ്കുചേരുവാൻ നിങ്ങളെ എല്ലാവരെയും ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

ആഗതമാകുന്ന പന്തകുസ്തായുടെ ചൈതന്യവും അനുഗ്രഹവും നിങ്ങളിൽ നിറയട്ടെ. റൂഹായെ പകർന്നുകൊടുക്കാനും തിരുസഭയിൽ റൂഹാ നയിക്കുന്ന പൗരോഹിത്യത്തിന്റെ മേൽപ്പട്ട ശുശ്രൂഷയിൽ പങ്കുചേരാനും അവിടുന്നെനിക്കു നൽകിയ കൃപയിൽ കൃതജ്ഞതയോടെ നിങ്ങളെ ആശീർവ്വദിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

**മാർ ജോസഫ് സ്രാമ്പിക്കൽ**
ഗ്രേറ്റ്ബ്രിട്ടൺ സീറോമലബാർ രൂപതാമെത്രാൻ

NB: *ഈ ഇടയലേഖനം 2021 ജൂൺ 7-ന് മുൻപായി ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും വായിക്കേണ്ടതാണ്.*